**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1194** **10-10-2024 - ൽ മറുപടിയ്ക്ക്**

**പാലാ റിവർവ്യൂ റോഡ് പൂർത്തീകരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാലാ മണ്ഡലത്തിലെ റിവർവ്യൂ റോഡ് പൂർത്തീകരിക്കുന്നതിനായി ആർ.വി. പാർക്കിന് സമീപം 1 ആർ സ്ഥലം കൂടി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | പാലാ റിവർവ്യൂ റോഡ് രണ്ടാംഘട്ട പൂർത്തീകരണത്തിന് ആർ.വി.പാർക്കിന് സമീപം പ്രാഥമിക സ്ഥലം ഏറ്റെടുപ്പ് നടപടികളിൽ റവന്യൂ അധികാരികൾക്ക് വിട്ടുപോയിട്ടുള്ള, ശ്രീ.പ്രകാശ് എസ് കോമളത്തിൽ വീട്, പാലാ. പി.ഓ എന്ന വ്യക്തിയുടെ കോമളം ഹോട്ടൽ എന്ന പേരിൽ പ്രവർത്തനം നടത്തുന്ന, മീനച്ചിൽ താലൂക്കിൽ, ളാലം വില്ലേജിൽ ബ്ലോക്ക് നം. 80 ൽ റീസർവ്വേ നം. 18/40 - ൽ 1 ആർ സ്ഥലം 2013 LARR ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള 4(1) വിജ്ഞാപനം 22.01.2024 ൽ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. ഇതിനായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് SIA അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് വിദഗ്ധ സമിതി പഠനം നടത്തി SIA അന്തിമ റിപ്പോർട്ട് ശുപാർശ സമർപ്പിച്ചിരുന്നു. കോമളം ഹോട്ടലിനോട് ചേർന്ന് വരുന്ന റവന്യൂ പുറമ്പോക്കിൽ ഉള്ള 0.2853 ഹെക്ടർ ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല. ഈ ഭാഗത്തെ സ്ഥലം ഏറ്റെടുപ്പിനും, നിർമ്മാണത്തിനും വേണ്ടി വരുന്ന അധിക തുകയും price Escalation ന് വേണ്ടി അധികമായി വരുന്ന തുകയും ഉൾപ്പെടുത്തിയുള്ള പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു. |
| (ബി) | പ്രസ്തുത ആവശ്യത്തിലേക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുകൂടി ഫണ്ട് അനുവദിച്ച് റിവർവ്യൂ റോഡ് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പാലാ റിവർവ്യൂ റോഡ് രണ്ടാംഘട്ട പൂർത്തീകരണത്തിന് ആർ.വി.പാർക്കിന് സമീപം പ്രാഥമിക സ്ഥലം ഏറ്റെടുപ്പ് നടപടികളിൽ റവന്യൂ അധികാരികൾക്ക് വിട്ടുപോയിട്ടുള്ള, ശ്രീ.പ്രകാശ് എസ് കോമളത്തിൽ വീട്, പാലാ. പി.ഓ എന്ന വ്യക്തിയുടെ കോമളം ഹോട്ടൽ എന്ന പേരിൽ പ്രവർത്തനം നടത്തുന്ന, മീനച്ചിൽ താലൂക്കിൽ, ളാലം വില്ലേജിൽ ബ്ലോക്ക് നം. 80 ൽ റീസർവ്വേ നം. 18/40 - ൽ 1 ആർ സ്ഥലം 2013 LARR ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള 4(1) വിജ്ഞാപനം 22.01.2024 |

| | | | |
|---|---|---|---|
| | | | ൽ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. ഇതിനായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് SIA അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് വിദഗ്ധ സമിതി പഠനം നടത്തി SIA അന്തിമ റിപ്പോർട്ട് ശുപാർശ സമർപ്പിച്ചിരുന്നു. കോമളം ഹോട്ടലിനോട് ചേർന്ന് വരുന്ന റവന്യൂ പുറമ്പോക്കിൽ ഉള്ള 0.2853 ഹെക്ടർ ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല. ഈ ഭാഗത്തെ സ്ഥലം ഏറ്റെടുപ്പിനും, നിർമ്മാണത്തിനും വേണ്ടി വരുന്ന അധിക തുകയും price Escalation ന് വേണ്ടി അധികമായി വരുന്ന തുകയും ഉൾപ്പെടുത്തിയുള്ള പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ